കേരള കടൽ മത്സ്യബന്ധന നിയമപ്രകാരം മത്സ്യബന്ധന ഉപകരണങ്ങളുടെ ഘടനയനുസരിച്ച് മത്സ്യബന്ധന യാനങ്ങളെ യന്ത്രവൽകൃത ബോട്ടുകൾ, കട്ടമരം, നാടൻ വള്ളം, തോണി എന്നിങ്ങനെ നാലായി തരംതിരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ യാനങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകുന്നതിന് അവയുടെ നീളത്തിനനുസരിച്ച് എഞ്ചിൻ ഘടിപ്പിക്കാത്ത വള്ളങ്ങൾ, എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ, യന്ത്രവൽകൃത ബോട്ടുകൾ (30 അടിക്കു താഴെയുള്ളവ, 30-37 അടിവരെ, 37-56 അടിവരെ, 56 അടിക്കു മുകളിലുള്ളവ) എന്നിങ്ങനെയും തരംതിരിച്ചിട്ടുണ്ട്. ടെറിട്ടോറിയൽ പരിധിക്കപ്പുറത്ത് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് 43 അടിയിൽ കുറയാത്ത നീളമുണ്ടായിരിക്കണം. എഞ്ചിന് മിനിമം 160 HP ഉണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്.

ചെമ്മീൻ കയറ്റുമതി

96 [3351] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*

„ *സി. മോയിൻകുട്ടി:*

„ *സി. മമ്മൂട്ടി:*

„ *ടി. പി. എം. സാഹിർ:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ചെമ്മീൻ കയറ്റുമതിയിലൂടെ എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിനായി കയറ്റുമതി ചെയ്ത ചെമ്മീനിന്റെ അളവ് എത്രയാണ്;

(സി) കഴിഞ്ഞ വർഷം കയറ്റുമതി നടത്തിയ ചെമ്മീനിന്റെ അളവ് എത്രയാണെന്നും ഇതിൻപ്രകാരം എന്തു തുക ലഭിച്ചു എന്നും അറിയിക്കാമോ?

ഉത്തരം

(എ) 1158.07 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) 87378 മെട്രിക് ടൺ.

(സി) കഴിഞ്ഞ വർഷം (2003-2004-ൽ) 76631 മെട്രിക് ടൺ ചെമ്മീൻ കയറ്റുമതി ചെയ്യുകയും ഇതിലൂടെ 1099.15 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയുമുണ്ടായി.

GPM. 2/609/2012—18

LIBRARY ARCHIVES Kerala Legislative Assembly